## <u>വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

(ഹാജർ. ഹരിത വി കുമാർ, ഐ.എ.എസ്.)

വിഷയം:- വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം - ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥലംമാറ്റം/ ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) സ.ഉ.(പി) നം. 23/2010/സാ.നീ.വ., തീയതി : 30/03/2010
2) വനിതാ ശിശുവികസന ഡയറക്ടറുടെ 10/02/2025 ലെ DWCD/5259/2024-E8 നമ്പർ വിജ്ഞാപനം
3) വനിതാ ശിശുവികസന ഡയറക്ടറുടെ 24/06/2025 ലെ DWCD/86/2025-E1 നമ്പർ ഉത്തരവ്

**<u>ഉത്തരവ് നം. DWCD/1243/2025-E1 തീയതി: 16-07-2025</u>**

വനിതാ ശിശുവികസന വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് 1 : 4 എന്ന അനുപാതത്തിൽ കേരള പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനവും ഫീഡർ കാറ്റഗറിയിൽ നിന്നുള്ള ഉദ്യോഗക്കയറ്റം മുഖേനയുള്ള നിയമനവുമാണ് പരാമർശം (1) പ്രകാരം വകുപ്പിൽ നിലവിലുള്ള വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ 2025 വർഷത്തിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ഉദ്യോഗക്കയറ്റം നൽകുന്നതിനായി പരാമർശം (2) പ്രകാരം സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും പ്രസ്തുത ലിസ്റ്റിൽ നിന്നും ക്രമ നമ്പർ 38 വരെയുള്ളവർക്ക് ഇതിനകം ഉദ്യോഗക്കയറ്റം നൽകുകയും ചെയ്തിട്ടുണ്ട്.

2) ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ ഉദ്യോഗക്കയറ്റം മുഖേന നിയമനം നടത്തേണ്ട ഒരു ഒഴിവ് നിലവിലുണ്ട്. ഈ സാഹചര്യത്തിൽ 2025-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ചുവടെ പേര് ചേർക്കുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് ഇപ്പോൾ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരിയുടെ പേര് | 2025 ലെ സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ |
|---|---|---|
| 1. | ശ്രീമതി രാജശ്രീ സി റ്റി<br>(PEN 730145) | 39 |

3) വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലെ ജീവനക്കാരുടെ 2025-ലെ പൊതുസ്ഥലംമാറ്റം നടത്തി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2025-ലെ പൊതു സ്ഥലംമാറ്റത്തിനായി തയ്യാറാക്കിയ ശിശുവികസന പദ്ധതി ഓഫീസർമാരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും നിലവിലെ ഒഴിവുകളിലേയ്ക്ക് മാനദണ്ഡപ്രകാരം സ്ഥലംമാറ്റത്തിന് അഹർതയുള്ളതുമായ ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിച്ചും മേൽ ഖണ്ഡിക പ്രകാരം വിവരിച്ച ICDS സൂപ്പർവൈസർക്ക് KS&SSR Rule 28(A)(1) പ്രകാരം 50200 - 105300 രൂപ ശമ്പള നിരക്കിൽ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സ്ഥലംമാറ്റം**

| ക്രമ നമ്പർ | പേരും നിലവിലെ തസ്തികയും കാര്യാലയവും | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീമതി അനിത കെ എം<br>(PEN 212871)<br>ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്റ്റ് ഓഫീസ് കുന്നുമ്മൽ | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്റ്റ് ഓഫീസ് പന്തലായനി | അപേക്ഷ<br>(2025 ലെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷകരിൽ നിന്ന്) |

**ഉദ്യോഗക്കയറ്റം**

| ക്രമ നമ്പർ | പേരും നിലവിലെ തസ്തികയും കാര്യാലയവും | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീമതി രാജശ്രീ സി. റ്റി.<br>(PEN 730145)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്റ്റ് ഓഫീസ് കണ്ണൂർ റൂറൽ | ശിശുവികസന പദ്ധതി ഓഫീസർ<br>ഇലന്തൂർ | ഉദ്യോഗക്കയറ്റം |

4) സ്ഥലംമാറ്റം/ ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണ്. സ്ഥലംമാറ്റം/ ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ വിടുതൽ/ പ്രവേശനം സംബന്ധിച്ച റിപ്പോർട്ട് (RTC) യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്

പകർപ്പ് :

1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
2) എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
3) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
4) സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

Signed by
Chithra T
സൂപ്രണ്ട്
Date: 17-07-2025 10:43:33